**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 723** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം നേരിടുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾക്കാണ് രൂപം നൽകുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനും വനസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിത ഭരണം എന്നിവ ഏകോപിപ്പിക്കുന്നതിനുമായി വനം വകുപ്പ് "Vision 2031 – People First, Science Based, Human-Wildlife Co-existence model" എന്ന സമഗ്ര ദീർഘകാല നയരേഖ തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത Vision 2031-ൽ മനുഷ്യ-വന്യജീവി സഹവർത്തിത്വം (SAFE Human-Wildlife Coexistence) ഒരു പ്രധാന പ്രമേയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. Secure Habitats, Alert Communities, Fast Response, Equitable Relief (SAFE) എന്ന ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി ലഘൂകരിക്കുന്നതിനുള്ള സമഗ്ര പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്.

ഇതിനായി വന്യജീവികൾ ജനവാസ മേഖലകളിലേക്ക് കടന്നുകയറുന്നത് തടയുന്നതിനുള്ള പ്രദേശവിശേഷ തടസ്സ സംവിധാനങ്ങൾ, സൗരോർജ്ജവേലി ശക്തിപ്പെടുത്തൽ, വനത്തിനുള്ളിൽ വന്യജീവികൾക്ക് ജലം-ഭക്ഷണം-തീറ്റ ലഭ്യത മെച്ചപ്പെടുത്തൽ, AI (Artificial Intelligence), ഡ്രോൺ, Internet of Things (IoT) തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള തത്സമയ മുന്നറിയിപ്പ് സംവിധാനങ്ങൾ, ദ്രുത പ്രതികരണ സംഘങ്ങളുടെ (RRT) ശാക്തീകരണം, പ്രാദേശിക പ്രതികരണ സംഘങ്ങളുടെ രൂപീകരണം, ആദിവാസി ട്രാക്കർമാരുടെയും പ്രാദേശിക സമൂഹങ്ങളുടെയും പങ്കാളിത്തം, കാട്ടുപന്നി നിയന്ത്രണ പ്രോട്ടോക്കോൾ, അപകടകാരികളായ വന്യജീവികളെ കൈകാര്യം ചെയ്യുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജറുകൾ (SOP), ബോധവത്കരണ പരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നിവയ്ക്ക് വേഗത്തിലുള്ളതും നീതിപൂർണവുമായ നഷ്ടപരിഹാരവും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും Vision 2031-ൽ വിഭാവനം ചെയ്തിട്ടുണ്ട്.

കാട്ടാനകളുടെ സാന്നിദ്ധ്യം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ RRT കൾക്കും PRT കൾക്കും ഒപ്പം പ്രവർത്തിക്കുന്നതിനായി പ്രാദേശിക ജനങ്ങളിൽനിന്നും ഗോത്ര വർഗ്ഗ വിഭാഗങ്ങളിൽ

നിന്നും തിരഞ്ഞെടുക്കപ്പെട്ട 500 പേരെ ഉൾപ്പെടുത്തി 100 യൂണിറ്റ് സ്പെഷ്യൽ റിസേർവ് ഫോഴ്സ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ

100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ/പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

**സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ/പദ്ധതികൾ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ/പദ്ധതികൾ**

**വന്യജീവികൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നത് തടയുന്നതിനായി:**

1. മനുഷ്യ-വന്യജീവി സംഘർഷം അതിരൂക്ഷമായ മേഖലകളിൽ 100 കി.മീ. പുതിയ സൗരോർജ്ജ വേലി നിർമ്മിക്കും.
2. നിലവിലുള്ള 2000 കി.മീ. സൗരോർജ്ജവേലികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കും.
3. കേന്ദ്രീകൃത സൗരോർജ്ജവേലി നിരീക്ഷണ സംവിധാനം ആരംഭിക്കും.
4. വനപാതകളിൽ സഞ്ചരിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ അടിക്കാട് തെളിക്കുന്ന വിസ്റ്റ ക്ലിയറൻസ് കർമ്മ പദ്ധതി തയ്യാറാക്കി കുറഞ്ഞത് 100 കി.മീ. വിസ്റ്റ ക്ലിയറൻസ് നടപ്പാക്കും.
5. വനാതിർത്തി പ്രദേശങ്ങളിലെ വന്യജീവി സംഘർഷ സാദ്ധ്യതയുള്ള മേഖലകളുടെ മാപ്പിംഗ് നടപ്പാക്കും.
6. 'സർപ്പ' രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കും.

**വന്യജീവി സംഘർഷ സംഭവങ്ങളിൽ വേഗത്തിലുള്ള ഇടപെടലിനായി ദ്രുത കർമ്മ സേന (RRT) കളെ ശാക്തീകരിക്കും:**

1. 25 സാറ്റലൈറ്റ് RRT-കൾ രൂപീകരിച്ച് RRT ശൃംഘല ശക്തിപ്പെടുത്തും.
2. വാഹനങ്ങൾ, ട്രാൻക്വ്യലൈസിംഗ് ഉപകരണങ്ങൾ, ആധുനിക സുരക്ഷ സാമഗ്രികൾ എന്നിവ ലഭ്യമാക്കും.
3. നഗരപ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങളിൽ ത്വരിത നിവാരണത്തിനായി മെട്രോ റെസ്പോൺസ് ടീമുകൾ (MRT) രൂപീകരിക്കും.
4. കാട്ടാന സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ RRT കൾക്കും PRT കൾക്കും ഒപ്പം പ്രവർത്തിക്കുന്നതിനായി പ്രാദേശിക ജനങ്ങളിൽനിന്നും ഗോത്ര വർഗ്ഗ വിഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 500 പേരെ ഉൾപ്പെടുത്തി 100 യൂണിറ്റ് സ്പെഷ്യൽ റിസേർവ് ഫോഴ്സ് രൂപീകരിക്കും

**വന്യമൃഗങ്ങളുടെ കാടിറക്കം സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് ലഭ്യമാക്കുന്നതിനും വന്യജീവി സഞ്ചാരത്തിന്റെ കൃത്യമായ വിവര ശേഖരണത്തിനുമായി:**

1. ഡ്രോൺ സ്ക്വാഡുകൾ രൂപീകരിക്കും.
2. AI അടിസ്ഥാനമാക്കി റിയൽ ടൈം മുന്നറിയിപ്പ് സംവിധാനത്തിന്റെ ആദ്യഘട്ടം ആരംഭിക്കും.

3. വന്യജീവി ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണ സംവിധാനം പ്രവർത്തന ക്ഷമമാക്കും.

**വന പരിസ്ഥിതി പുനർജ്ജീവിപ്പിക്കുന്നതിനും വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും വന്യജീവികളുടെ ജനവാസ മേഖലയിലേക്കുള്ള നീക്കം കുറയ്ക്കുന്നതിനുമായി:**

1. പുൽമേടുകളുടെ പുനരുദ്ധാരണത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കും.
2. അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കും.
3. പരിസ്ഥിതി പുന:സ്ഥാപന പദ്ധതികൾ ത്വരിതപ്പെടുത്തും.

**വേഗത്തിലുള്ള സഹായവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിനായി വന്യജീവി നഷ്ടപരിഹാര പദ്ധതി പരിഷ്കരിക്കരണത്തിനായി:**

1. നഷ്ടപരിഹാരം നൽകുന്നതിനായുള്ള പുതിയ ഏകീകൃത പോർട്ടൽ ആരംഭിക്കും.
2. നഷ്ടപരിഹാരം സമയബന്ധിതമായും കാര്യക്ഷമമായും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.
3. വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും പരിക്ക് പറ്റുന്നവർക്കും അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തി ലഭ്യമാക്കുന്നതിന് ആവശ്യമായ മാർഗ്ഗ രേഖ തയ്യാറാക്കാൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കും.
4. നഷ്ടപരിഹാര വിതരണത്തിനായി സ്പെഷ്യൽ ഡ്രൈവ് നടത്തും.

**ജനവാസ മേഖലകളിലെ കാട്ടുപന്നികളുടെ ശല്യം കുറയ്ക്കുന്നതിനായി ഊർജ്ജിത കാട്ടുപന്നി നിയന്ത്രണത്തിനായി:**

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ കാട്ടുപന്നികളുടെ കണക്കെടുപ്പ് നടത്തും.
2. പഞ്ചായത്ത് തലത്തിൽ എംപാനൽ ഷൂട്ടർമാരുടെ പട്ടിക തയ്യാറാക്കും.
3. കാട്ടുപന്നി നിയന്ത്രണത്തിന് പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

**പ്രാദേശിക തലത്തിൽ വന്യജീവി സംഘർഷം വേഗത്തിൽ പരിഹരി ക്കുന്നതിനായി പഞ്ചായത്ത് തല പ്രാദേശിക റെസ്പോൺസ് ടീം:**

1. കുരങ്ങ്, മയിൽ തുടങ്ങിയ വന്യജീവികളുടെ ശല്യം നിയന്ത്രിക്കുന്നതിനായ പഞ്ചായത്ത് തല പ്രാദേശിക റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് പരിശീലനം നൽകും.
2. ഏകോപനത്തിനായി പഞ്ചായത്ത് തലത്തിൽ ഫോറസ്റ്റ് ലൈസൺ ഓഫീസർമാരെ നിയമിക്കും.
3. ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തും.

**പ്രശ്നബാധിതർക്ക് സമയബന്ധിത സഹായത്തിനായി വന്യജീവി ഇൻഷുറൻസ് സുരക്ഷാ പദ്ധതി:**

1. കർഷകർക്കും വന്യജീവി ശല്യമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും ഇൻഷുറൻസ് നൽകുന്നതിനായുള്ള മാതൃക തയ്യാറാക്കാൻ വിദഗ്ധ സമിതി രൂപീകരിക്കും.

**വന്യജീവി രക്ഷാ പ്രവർത്തനങ്ങൾ, ചികിത്സാ, പുനരധിവാസം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫോറസ്റ്റ് വെറ്ററിനറി വിഭാഗത്തിന്റെ ശാക്തീകരണം:**

1. 12 ലാൻഡ്സ്കേപ്പുകളിലും ഫോറസ്റ്റ് വെറ്ററിനറി വിഭാഗത്തിന്റെ നവീകരണത്തിനും ശാക്തീകരണത്തിനും പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കും.

**മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങളിൽ കൂടുതൽ ഫലപ്രദവും പ്രായോഗികവുമായ ഇടപെടലുകൾക്ക് നിയമപരമായ പിന്തുണ ഉറപ്പാക്കാൻ നിയമഭേദഗതി:**

1. കാട്ടുപന്നികളെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 62 പ്രകാരം ക്ഷുദ്രജീവിയായി (Vermin) പ്രഖ്യാപിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കും.
2. നാടൻ കുരങ്ങുകളെ (Bonnet Macaque) വന്യജീവി (സംരക്ഷണ) നിയമത്തിന്റെ രണ്ടാം പട്ടികയിലേക്ക് മാറ്റുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കും.
3. മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിനുള്ള നിയമ തടസ്സങ്ങൾ നീക്കാൻ പുതിയ ഭേദഗതികൾ ആവശ്യപ്പെടും.

**മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉപദേശക സമിതി**

1. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനും കർഷക പ്രതിനിധികൾ, വനാശ്രിത സമൂഹ പ്രതിനിധികൾ, വിഷയ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
2. കാർഷിക ശാസ്ത്രജ്ഞന്മാർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച ചെയ്ത് വൈൽഡ്ലൈഫ് സ്മാർട്ട് അഗ്രികൾച്ചർ എന്ന പദ്ധതിക്ക് രൂപം നൽകും.

**വന്യജീവികളുടെ കണക്കെടുപ്പും വാഹകശേഷി നിർണ്ണയവും**

1. ദേശീയതലത്തിൽ പ്രാഗത്ഭ്യമുള്ള ശാസ്ത്ര സ്ഥാപനത്തിന്റെ സഹായത്തോടെ കേരളത്തിലെ കാടുകളുടെ വന്യജീവിസംബന്ധമായ വാഹകശേഷി പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.
2. ജനവാസമേഖലകളിലെ നാടൻ കുരങ്ങ്, കാട്ടുപന്നി, മുള്ളൻ പന്നി, മയിൽ എന്നിവയുടെ സാന്നിദ്ധ്യവും ഏകദേശ എണ്ണവും സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന്റേയും തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ തിട്ടപ്പെടുത്തും.

**മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം - ആസൂത്രണവും വിഭവ സമാഹരണവും**

1. ലാൻഡ്സ്കേപ്പ് പ്ലാനുകളുടെ പൂർത്തീകരണം.
2. പഞ്ചായത്ത്തല കർമ്മപദ്ധതികളുടെ രൂപീകരണം
3. അധികമായി സംഘർഷം അനുഭവപ്പെടുന്ന വയനാട്, കോതമംഗലം, മൂന്നാർ മേഖലകൾക്കായി പ്രത്യേക പാക്കേജ് രൂപീകരിക്കും.